പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5128 22/05/2017-ലെ മറുപടിക്ക്

' തോട്ടഭൂമി വ്യവസ്ഥകൾ ദുരുപയോഗം ചെയ്യുന്നത് തടയാൻ ഭൂപരിഷ്കരണ നിയമത്തിൽ മാറ്റം'

ചോദ്യം

ശ്രീ. എൻ.ഷംസുദ്ദീൻ

,, വി.കെ.ഇബ്രാഹിം കുഞ്ഞ്

,, ടി.വി.ഇബ്രാഹിം.

,, പി.കെ.അബ്ദു റബ്ബ്

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തോട്ടഭൂമി മുറിച്ച് വില്പന നടത്തുന്നതു തടയാൻ ഭൂപരിഷ്കരണ നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) & (ബി) | ഉണ്ട്. കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81 പ്രകാരം സീലിംഗ് പരിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി ഒഴിവാക്കി നൽകിയ ഭൂമി തുണ്ടുകളാക്കി കൈമാറ്റം നടത്തുകയും കൈമാറ്റത്തിലൂടെ ഭൂമി ആർജിക്കുന്ന ആൾ പ്രസ്തുത ഭൂമി അതേ ആവശ്യത്തിന് തന്നെ ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിന് ഉതകുന്ന തരത്തിൽ കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി കൊണ്ടു വരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | എങ്കിൽ അതിനായി ഏതൊക്കെ വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | തോട്ടഭൂമി സംബന്ധിച്ച നിയമ വ്യവസ്ഥകൾ ദുരുപയോഗം ചെയ്ത് എത്രത്തോളം ഭൂമി മറിച്ചു വിറ്റിട്ടുണ്ടെന്നും,സർക്കാർ ഭൂമി കൈവശം വച്ചിട്ടുണ്ട് എന്നതും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ? | (സി) | കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81(1)(e) പ്രകാരം ഇളവ് നൽകിയിട്ടുള്ള തോട്ടഭൂമിയിൽ നിന്നും മുറിച്ച് വിറ്റതായി റിപ്പോർട്ട് ചെയ്തിട്ടുള്ള ഭൂമിയുടെ വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. (തൃശ്ശൂർ: 35.34 ഏക്കർ, കോഴിക്കോട്: 40 ഏക്കർ, വയനാട്: 153.72.503 ഏക്കർ, കാസറഗോഡ്: 256.41 ഏക്കർ) മറ്റ് ജില്ലകളിൽ ഇപ്രകാരമുള്ള തോട്ടഭൂമി ദുരുപയോഗം സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടില്ല. |

| | |
|---|---|
| തൃശ്ശൂർ | 35.34 ഏക്കർ, |
| കോഴിക്കോട് | 40 ഏക്കർ, |
| വയനാട് | 153.72.503 ഏക്കർ |
| കാസറഗോഡ് | 256.41 ഏക്കർ |

മറ്റ് ജില്ലകളിൽ ഇപ്രകാരമുള്ള തോട്ടഭൂമി ദുരുപയോഗം സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ